**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** | **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരള നോളെജ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള നോളെജ് സൊസൈറ്റി കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായുള്ള നൈപുണ്യ നവീകരണത്തിനും, ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുമായി 'നോളജ് ഇക്കണോമി' അനുസരിച്ചുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായും വൈജ്ഞാന സമ്പദ് വ്യവസ്ഥയായും കെട്ടിപ്പടുക്കുന്നതിനുള്ള ആശയങ്ങൾ സംസ്ഥാന ബജറ്റിൽ അവതരിക്കപ്പെട്ടിരുന്നു. ഇതിലെ സുപ്രധാന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുവാൻ 2021 സെപ്റ്റംബർ 28, 29 തീയതികളിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന സംഘടിപ്പിച്ച ശിൽപ ശാലയിൽ ഉയർന്ന് വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പരിശോധിച്ചു വരുന്നു. 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, 1000 സ്കോളർഷിപ്പുകൾ, 30 അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾ, സർവ്വകലാശാലകളിലും കോളേജുകളിലും മികവിന്റെ കേന്ദ്രങ്ങൾ ഇവയൊക്കെ വിഭാവനം ചെയ്തു വരുന്നു. |
| (ബി) | ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | നോളജ് ഇക്കണോമി മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി K-Disc Rs.4,72,00,247/- രൂപ ചെലവാക്കിയിട്ടുണ്ട് |
| (സി) | ഇതിന്റെ ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ? | (സി) | 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, 1000 സ്കോളർഷിപ്പുകൾ, 30 അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങൾ, സർവ്വകലാശാലകളിലും കോളേജുകളിലും മികവിന്റെ കേന്ദ്രങ്ങൾ ഇവയൊക്കെ കേരള നോളജ് സൊസൈറ്റിയുടെ ഭാഗമായി വിഭാവനം ചെയ്തു വരുന്നു. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സർവ്വകലാശാല, നിയമ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകളെ സർക്കാർ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറക്ക് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതാണ്. കേരളത്തിലെ അഭ്യസ്തവിദ്യരായ ഇരുപത് ലക്ഷം തൊഴിൽ അന്വേഷകർക്ക് ആവശ്യമായ നൈപുണ്യം/ |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകി അവരെ വിജ്ഞാനാധിഷ്ഠിത തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കി തൊഴിൽ ലഭ്യമാക്കുക എന്നതുകൂടി ഇതു ലക്ഷ്യമാക്കുന്നുണ്ട്. അതോടൊപ്പം തന്നെ വിദ്യാഭ്യാസ മേഖലയെ പുന:സംഘടിപ്പിച്ച് നവലോകത്തൊഴിലുകൾ ആർജ്ജിക്കുന്നതിന് വിദ്യാസമ്പന്നരെ പ്രാപ്തമാക്കുന്ന രീതിയിൽ വിദ്യാഭ്യാസത്തെയും വൈജ്ഞാനിക തൊഴിൽ മേഖലയെയും ബന്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. നോളജ് ഇക്കണോമി മിഷന്റെ വിശദമായ പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ